1 ആദിത്യൻ ഉദിച്ചീടുന്ന
ദേശങ്ങളി ലെല്ലാം യേശു
അന്ത മില്ലാത്തൊരു രാജ്യം
സ്ഥാപിച്ചു വാഴും എന്നേക്കും

2 നാനാ ദേശക്കാരെല്ലാരും
തൻ സ്നേഹത്തിൻ സ്തുതിപാടും
പൈതങ്ങൾ കൂടെ ഘോഷിക്കും
വിശേഷമാം തൻ നാമത്തെ

3 യാചനകൾ സ്തോത്ര മെല്ലാം
തൻ നാമത്തിൽ ഉയർന്നീടും
നാനാ ജനം വണങ്ങീടും
രാജാധി രാജൻ കർത്തനെ

4 വേദന ക്ലേശം പാപവും
പോകും അശേഷം എന്നേക്കും
സ്വാതന്ത്ര്യം ഭാഗ്യം പൂർണ്ണത
എല്ലാവർക്കും ലഭിച്ചീടും

5 ലോകർ വരട്ടെ തൻ മുൻപിൽ
സ്തുതി സ്തോത്രത്തോടുകൂടെ
മേൽ ലോക സൈന്യം പാടട്ടെ
ഭൂമി ചൊല്ലീടട്ടെ 'ആമേൻ'